പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 364 17.10.2011 ൽ മറുപടിക്ക്

ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. പി.എ.മാധവൻ | ശ്രീ. വി.എസ്.ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ആർടിഓഫീസുകളിലെ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കുവാൻ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് അവ വകുപ്പിന്റെ എല്ലാ ആഫീസുകളിലും നടപ്പിലാക്കി പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകി വരുന്നു. നവീകരണത്തിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും (ചെക്ക് പോസ്റ്റ് ഉൾപ്പെടെ) ചെയ്തിട്ടുണ്ട്.<br>'എനി സർവീസ് എനി കൗണ്ടർ' എന്ന സംരംഭത്തിലൂടെ ഓഫീസിലെ ഒറ്റ കൗണ്ടറിൽ നിന്ന് കൊണ്ട് തന്നെ ഫീസ്, ടാക്സ്, സെസ്സ് മുതലായവ ഒടുക്കുവാൻ കഴിയുന്നു.<br>വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സമ്പ്രദായം നിലവിൽ ഉണ്ട്. |

| | | | |
|---|---|---|---|
| | | | അര മണിക്കൂറിനുള്ളിൽ ഈ സേവനം ലഭിക്കും.<br>വകുപ്പിന്റെ വെബ്സൈറ്റിലൂടെ അപേക്ഷകന് ഫാൻസി നമ്പർ വിവരങ്ങൾ, ടാക്സ് കാൽക്കുലേറ്റർ, ലേണേഴ്സ് മോക്ക് ടെസ്റ്റ്, അപേക്ഷകളുടെ തൽസ്ഥിതി എന്നിവ അറിയാൻ കഴിയും.<br>വകുപ്പിന്റെ 24 സർവീസുകൾ ഓൺ ലൈൻ സംവിധാനത്തിലൂടെ അപേക്ഷിക്കാം. ഡീലർമാർക്കായി ഡീലർ ലോഗ്സ്, മറ്റു വകുപ്പുകൾക്കായി എൻഫോഴ്സ്മെന്റ് ലോഗിൻ വെബ് സർവീസ് എന്നീ സംവിധാനങ്ങളും നിലവിൽ ഉണ്ട്. കൂടാതെ സ്പീഡ് പോസ്റ്റ് സംവിധാനത്തിലൂടെ സുതാര്യവും അഴിമതിരഹിതവുമായ സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br>അപേക്ഷകന് വീട്ടിൽ ഇരുന്നു കൊണ്ടു തന്നെ സേവനങ്ങൾക്ക് ആവശ്യമായ ഫീസ് ഇന്റർ നെറ്റ് മുഖാന്തിരം ഒടുക്കുവാൻ വകുപ്പിൽ അടിയന്തിരമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഇ-പേയ്മെന്റ് സംവിധാനം വഴി സാധിക്കുന്നതാണ്. |
| (ബി) | ആർ.ടി. ഓഫീസുകളുമായി ബന്ധപ്പെട്ട് ഏജന്റുമാർ അമിത തുക ഈടാക്കിയാൽ നടപടി സ്വീകരിക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പോ സർക്കാരോ ഏജന്റുമാരെ അംഗീകരിച്ചിട്ടില്ല. അതിനാൽ ഇത്തരം കേസ്സുകളിൽ നടപടി എടുക്കാൻ നിർവാഹമില്ല. |

| | | | |
|---|---|---|---|
| (സി) | ഏജന്റുമാരുടെ സേവനത്തിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; | (സി) | ബാധകമല്ല. |
| (ഡി) | ഏജന്റുമാരുടെ സേവനം ആവശ്യമില്ലാത്ത കാര്യങ്ങളിൽ അവരുടെ പ്രവർത്തനം ഒഴിവാക്കി ഉത്തരവുണ്ടാകുമോ; | (ഡി) | മോട്ടോർ വാഹന വകുപ്പിന് ഏജന്റുമാരുടെ സേവനം ആവശ്യമില്ല. അത് അംഗീകരിച്ചിട്ടുമില്ല. ഏജന്റുമാരെ ഓഫീസുകളിൽ നിന്ന് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് കാലാകാലങ്ങളിൽ സർക്കുലറുകൾ ഇറക്കിയിട്ടുണ്ട്. |
| (ഇ) | ആർ.ടി. ഓഫീസുകളിൽ ഓരോ ആവശ്യത്തിനും അടക്കേണ്ട ഫീസ് എത്രയാണെന്ന് പ്രസിദ്ധപ്പെടുത്തുമോ? | (ഇ) | ആർ.ടി. ഓഫീസുകളിൽ ഓരോ ആവശ്യത്തിനും അടക്കേണ്ട ഫീസിന്റെ വിവരങ്ങൾ അതാത് ആഫീസുകളിലും, ഔദ്യോഗിക വെബ്സൈറ്റിലും, പൗരാവകാശ രേഖകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ